ഭരണഭാഷ – മാതൃഭാഷ

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം,
തീയതി: 05/05/2020

നം. TRY /1380/2020-E1

പ്രേഷകൻ

ട്രഷറി ഡയറക്ടർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ ട്രഷറി ഓഫീസർമാർക്കും

സർ,

വിഷയം: 04/2020 മുതൽ 08/2020 വരെയുള്ള ശമ്പളം മാറുന്നത് – തുടർ നിർദ്ദേശം – സംബന്ധിച്ച്

സൂചന : 1. G.O.(P) 46/2020/Fin dt 23.04.2020
2. ഈ ഓഫീസിലെ 27.04.2020 ലെ ഇതേ നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഒന്നിലെ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ***(പൊതുമേഖലാ സ്ഥാപനങ്ങൾ , തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, അർദ്ധ–സർക്കാർ സ്ഥാപനങ്ങൾ , സ്റ്റാറ്റ്യൂട്ടറി സ്ഥാപനങ്ങൾ , യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള Grant-in-aid സ്ഥാപനങ്ങൾ , ക്ഷേമനിധി ബോർഡുകൾ വിവിധ കമ്മീഷനുകൾ , സംസ്ഥാന സർക്കാരിന് കീഴിൽ വരുന്ന മറ്റു സ്ഥാപനങ്ങൾ )*** ജീവനക്കാരുടെ 04/2020 മുതൽ 08/2020 വരെയുള്ള ശമ്പളത്തിൽ നിന്നും കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാറ്റി വയ്ക്കുന്ന തുക നിക്ഷേപിക്കുന്നതിനായി **SDTSB (salary Deduction TSB)** അക്കൗണ്ട് തുടങ്ങുന്നതിനു സർക്കാർ സൂചന ഒന്ന് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തുക കുറവ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി പ്രസ്തുത സ്ഥാപനങ്ങൾ 04/2020 മുതൽ 08/2020 വരെയുള്ള ശമ്പളം മാറുന്നതിനായി സമർപ്പിക്കുന്ന ചെക്കുകളോടൊപ്പം ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ആറ് ദിവസത്തെ ശമ്പളം കുറവ് ചെയ്തിട്ടുള്ളതാണെന്നും ആയത് SDTSB നമ്പർ ......... അക്കൗണ്ടിലേക്ക് വരവ് വച്ചിട്ടുണ്ടെന്നുമുള്ള DDO/സ്ഥാപന മേധാവിയുടെ സർട്ടിഫിക്കറ്റും ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശം പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകേണ്ടതും ചെക്കുകളോടൊപ്പം മേൽ സൂചിപ്പിച്ച സർട്ടിഫിക്കറ്റും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ട്രഷറി ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതുമാണ്.

**Approved for issue**

**Senior Superintendent**

വിശ്വസ്തതയോടെ

**V.SAJAN**

**JOINT DIRECTOR 1**

Directorate of Treasuries, Krishna Buildings, Thycadu PO, Thiruvananthapuram , Kerala 695014
www.treasury.kerala.gov.in, Email- keralatreasury@gmail.com
Ph 0471-2323963, 2322712, Fax 0471-2324229